# Deepika

## 10 August 2018

## Idukki, Idukki Dam, Shutters Opened

# ഇടുക്കി ഡാം തുറന്നു, ഷട്ടർ അടയ്ക്കില്ല

**ജോൺസൺ വേങ്ങത്തടം**

**തൊടുപുഴ:** നീരൊഴുക്ക് കൂടിയതോടെ 26 വർഷത്തിനുശേഷം ട്രയൽറണ്ണിന്റെ ഭാഗമായി ഇടുക്കി അണക്കെട്ട് തുറന്നു. ചെറുതോണി ഡാമിന്റെ ഒരു ഷട്ടറാണ് ഉയർത്തിയത്. ഇന്നു രാവിലെ ആറിന് ഒരു ഷട്ടർകൂടി ഉയർത്തും. അതോടെ വെള്ളമൊഴുക്ക് സെക്കൻഡിൽ ഒരു ലക്ഷം ലിറ്ററാകും.

അഞ്ചു ഷട്ടറുകളിൽ മധ്യഭാഗത്തെ ഷട്ടറാണ് തുറന്നത്. ഇന്നലെ ഉച്ചയ്ക്ക് 12.30നാണ് ഷട്ടർ ഉയർത്തി വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയത്. 10 മിനിറ്റ് സമയം എടുത്തു 50 സെന്റിമീറ്റർ ഷട്ടർ ഉയർത്തി. സെക്കൻഡിൽ 50 ഘനമീറ്റർ ജലമാണ് ഒഴുക്കി വിടുന്നത്. ഇങ്ങനെ നാലു മണിക്കൂർ സമയം വെള്ളം തുറന്നു വിടാനായിരുന്നുതീരുമാനം.

എന്നാൽ, ജലനിരപ്പ് ഉയർന്നതോടെ ട്രയൽറൺ തുടരാൻ തീരുമാനിക്കുകയായിരുന്നു. ഡാമിലേക്കു ക്രമാതീതമായി വെള്ളം ഒഴുകിയെത്തുന്ന സാഹചര്യത്തിൽ ചെറുതോണി ഡാമിന്റെ ഷട്ടർ അടയ്ക്കില്ല.

നിലവിൽ ഇടുക്കി അണക്കെട്ടിൽനിന്നു പുറത്തേക്ക് ഒഴുക്കുന്ന അളവിൽ തന്നെ രാത്രിയിലും ജലം പുറത്തേക്ക് ഒഴുക്കുന്നതു തുടരുമെന്നു സംസ്ഥാന ദുരന്ത നിവാരണ അഥോറിട്ടി അറിയിച്ചു.

മൂലമറ്റത്തു വൈദ്യുതി ഉത്പാദിപ്പിക്കാൻ ആവശ്യമായതിനേക്കാൾ ഏതാണ്ട് അഞ്ചിരട്ടി വെള്ളമാണ് ഒഴുകിയെത്തി കൊണ്ടിരിക്കുന്നത്.

ഈ സാഹചര്യത്തിലാണ് വീണ്ടും റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. റെഡ് അലർട്ട് പ്രഖ്യാപിച്ച് 24 മണിക്കൂർ കഴിഞ്ഞു മാത്രമേ ഡാം തുറക്കാവൂവെന്നാണ് ചട്ടം. എന്നാൽ, അടിയന്തര സാഹചര്യത്തിൽ ജില്ലാ കളക്ടർക്കു തീരുമാനമെടുക്കാം.

ചെറുതോണി ഡാമിന്റെ താഴ്ത്തുള്ളവരും ചെറുതോണി, പെരിയാർ നദികളുടെ 100 മീറ്റർ പരിധിയിലുള്ളവരും സംരക്ഷിത സ്ഥാനത്തേക്കു മാറണമെന്ന നിർദേശം നൽകിയശേഷമാണ് ഷട്ടർ തുറക്കാനുള്ള നടപടി ആരംഭിച്ചത്.

### ഇടുക്കി ഡാമിൽ ജലനിരപ്പ് ഇന്നലെ

രാവിലെ ഏഴ് 2398.40 അടി
എട്ട് 2398.50
ഒമ്പത് 2398.66
പത്ത് 2398.80
പതിനൊന്ന് 2398.88
പന്ത്രണ്ട് 2398.98
ഉച്ചയ്ക്കുശേഷം ഒന്ന് 2399.1
രണ്ട് 2399.24
മൂന്ന് 2399.40
നാല് 2399.56
അഞ്ച് 2399.66
ആറ് 2399.82
ഏഴ് 2399.90
എട്ട് 2400 അടി